# അക്കാദമിക മാസ്റ്റർ പ്ലാൻ

ഗവൺമെന്റ് ഡബ്ല്യു എൽ പി എസ്
അമ്പലത്തിൻ നിരപ്പിൽ

# ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമികരംഗത്തും കലാരംഗത്തും കായികരംഗത്തും മികവ് വർദ്ധിപ്പിക്കാൻ ശ്രമിക്കുന്ന വിദ്യാലയമാണ് ജി. ഡബ്ല്യു. എൽ. പി. എസ് അമ്പലത്തിൻ നിരപ്പിൽ. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള Inclusive education പ്രാവർത്തികമാക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. ആകർഷകമായ കെട്ടിടം, പ്രൊജക്ടർ സൗകര്യങ്ങൾ, പ്രഭാത ഭക്ഷണ വിതരണം എന്നിവയും സ്കൂളിന്റെ സവിശേഷതയാണ്. സർക്കാരിന്റെ സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി മികവാർന്ന വിദ്യാഭ്യാസം നൽകാൻ ശ്രമിക്കുന്നു.

കൊല്ലം ജില്ലയിലെ കൊട്ടാരക്കര വിദ്യാഭ്യാസജില്ലയിലെ കുളക്കട ഉപജില്ലയിലെ തലവൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്കൂളാണ് ജി. ഡബ്ല്യു. എൽ. പി. എസ് അമ്പലത്തിൻ നിരപ്പിൽ. LSS പരീക്ഷയിൽ എഴുതിയ കുട്ടികളിൽ പകുതിയിലധികം പേരും വിജയിച്ചു. എല്ലാ മേഖലയിലുള്ള പ്രമുഖരുടെയും ഇടപെടൽ പ്രതീക്ഷിക്കുന്നു.

# സ്കൂൾ വിവരങ്ങൾ

| | |
|---|---|
| റവന്യൂ ജില്ല | : കൊല്ലം |
| സ്കൂൾ കോഡ് | : 39401 |
| സ്കൂളിന്റെ പേര് | : ജി. ഡബ്ല്യു എൽ പി എസ് അമ്പലത്തിൻ നിരപ്പിൽ |
| മേൽവിലാസം | : അമ്പലത്തിൻ നിരപ്പിൽ (പി ഒ) |
| പിൻകോഡ് | : 691508 |
| ഫോൺ നമ്പർ | : 9946297703 |
| ഇമെയിൽ അഡ്രസ് | : 39401kulakkada@gmail.com. |
| ഗ്രാമപഞ്ചായത്ത് | : തലവൂർ ഗ്രാമപഞ്ചായത്ത് |
| വിദ്യാഭ്യാസ ജില്ല | : കൊട്ടാരക്കര |
| സബ്ജില്ല | : കുളക്കട |
| ക്ലാസുകൾ | : 1 മുതൽ 4 വരെ |
| മാനേജ്മെന്റ് | : ഗവൺമെന്റ് |
| പഠനമാധ്യമം | : മലയാളം |

# അക്കാദമികം

## നേട്ടങ്ങൾ

ഗ്രാമീണ മേഖലയിൽ സ്ഥിതിചെയ്യുന്ന വെൽഫയർ സ്കൂളാണ് ജി. ഡബ്ല്യു എൽ പി എസ് അമ്പലത്തിൻ നിരപ്പിൽ. കലാ-കായിക-ശാസ്ത്രമേഖലയിൽ കുട്ടികൾ സബ്ജില്ലയിൽ മുൻ വർഷങ്ങളിൽ നിന്നും ഉയർന്ന സ്ഥാനം നേടിയെടുക്കാൻ സാധിച്ചു. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ക്ലാസ്സ്മുറികൾ സ്മാർട്ടാക്കുകയും അവയുടെ ഗുണഫലങ്ങൾ കുട്ടികളിൽ എത്തിക്കാൻ ശ്രമിക്കുന്നു. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നത് LSS പോലെയുള്ള സ്കോളർഷിപ്പ് പരീക്ഷയിൽ വിജയികളാകാൻ സഹായിക്കുന്നു. പുസ്തകവായന ശീലമാക്കാനും വായനശാല സന്ദർശനവും എല്ലാ മാസവും നടത്താറുണ്ട്. എല്ലാ ദിനാചരണങ്ങളും അവയുടെ ഗുണമേന്മ ചോർന്നുപോകാത്ത രീതിയിൽ നടത്തുന്നുണ്ട്. കുട്ടികൾ തന്നെയാണ് എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നത്. വിദ്യാരംഗം, ശാസ്ത്രം, ഗണിതം, ശുചിത്വം എന്നീ ക്ലബ്ബുകൾ രൂപീകരിച്ച് അവയുടെ പ്രവർത്തനങ്ങൾ എല്ലാ മാസവും നടത്താറുണ്ട്. പഠനോത്സവങ്ങൾ സംഘടിപ്പിച്ച് കുട്ടികളിലെ സർഗാത്മകശേഷി മെച്ചപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്.

# അക്കാദമികം

## പരിമിതികൾ

പ്രവർത്തിച്ച് പഠിക്കുക, അന്വേഷണാത്മകമായും നിരീക്ഷിച്ചും പഠിക്കുക തുടങ്ങിയവ പൂർണമായും അർത്ഥത്തിൽ സ്വായത്തമാക്കാൻ ലാബുകളുടെ സൗകര്യം ഉണ്ടാവേണ്ടതുണ്ട്. സ്കൂളിൽ മതിയായ ലാബ് ഉപകരണങ്ങൾ ഇല്ലായെന്നത് പോരായ്മയാണ്. ആരോഗ്യ കായിക വിദ്യാഭ്യാസം ഇപ്പോഴത്തെ വിദ്യാഭ്യാസരീതിയിലുണ്ട്. കുട്ടികളിലെ മാനസികശേഷി ഉയർത്തുന്ന 'കളികൾ'ക്ക് ആവശ്യമായ സ്ഥലസൗകര്യം സ്കൂളിലില്ല. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പിന്തുണ നൽകുന്നുണ്ടെങ്കിലും കുറഞ്ഞ സമയത്തിനുള്ളിൽ കുട്ടികൾക്ക് ആവശ്യമായ പിന്തുണാ പ്രവർത്തനങ്ങൾ നൽകുക ശ്രമകരമാണ്.

# ഭൗതികം

## നേട്ടങ്ങൾ

നിലവിൽ എല്ലാ ക്ലാസ്മുറികളിലും ഓഫീസിലും ടൈൽ പാകി മോടിപിടിപ്പിച്ചു. എല്ലാ ക്ലാസ്സ്മുറികളും വാർത്തതാണ്. പ്രൊജക്ടർ സംവിധാനമുണ്ട്. ഒരു ക്ലാസ് മുറിയിൽ പ്രത്യേക സ്ക്രീനും സ്ഥാപിച്ചിട്ടുണ്ട്. ക്ലാസ് ലൈബ്രറി, വായനമൂല എന്നിവ ഒരുക്കിയിട്ടുണ്ട്. ആവശ്യത്തിന് സൗകര്യമുള്ള കോൺഫറൻസ് ഹാളുണ്ട്. സുരക്ഷ പദ്ധതിയുടെ നടത്തിപ്പിന്റെ ഭാഗമായി ക്ലാസ്സ്മുറികളും പരിസരവും വൃത്തിയാക്കുന്നുണ്ട്. ടോയ്‌ലറ്റ്, കിണർ എന്നിവ ആഴ്ചയിലും മോണിറ്റർ ചെയ്യുന്നുണ്ട്. വിദ്യാർത്ഥി സൗഹൃദ അന്തരീക്ഷം ഒരുക്കിയിട്ടുണ്ട്.

## പരിമിതികൾ

പഠനത്തോടൊപ്പം തന്നെ മാനസികോല്ലാസത്തിന് കളി പ്രധാനപങ്ക് വഹിക്കുന്നു. കുട്ടികൾക്ക് കളിക്കാൻ ആവശ്യമായ കളിസ്ഥലം ഒരുക്കാൻ സ്ഥലപരിമിതിയുണ്ട്.

കുട്ടികളുടെ പ്രഭാതഭക്ഷണത്തിന്റെയും ഉച്ചഭക്ഷണത്തിന്റെയും വേസ്റ്റ് ശരിയായി സംസ്കരിക്കാനുള്ള സ്ഥലമില്ല.

സ്കൂളിലെ അധ്യാപക - അനധ്യാപകരുടെ സഹകരണത്തോടെ ആണ് മാലിന്യസംസ്കരണം ഒരു പരിധിവരെ നടക്കുന്നത്. ആകർഷകമായ വിധത്തിൽ പൂന്തോട്ടം ഒരുക്കേണ്ടതുണ്ട്.

# സാമൂഹികം

## നേട്ടങ്ങൾ

സ്കൂളിലെ പി.ടി.എ, വിവിധ ക്ലബുകൾ, മറ്റ് സന്നദ്ധ-സംഘടനങ്ങളുടെ പ്രവർത്തനം എന്നിവ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് സഹായിക്കുന്നു. ഓരോ മാസവും ഗണിതം, ശാസ്ത്രം എന്നീ ക്ലബുകൾ, പ്രവർത്തനം കുട്ടികൾക്ക് നൽകുകയും രക്ഷകർത്താക്കളുടെ സഹായത്തോടെ കുട്ടികൾ പൂർത്തിയാക്കുന്നു. സമൂഹത്തിന് മാതൃകാപരമായ പ്രവർത്തനമാണ് അവ. കൂടാതെ സന്നദ്ധ പ്രവർത്തനങ്ങളിലും ഭാഗവാക്കാകുന്നുണ്ട്. വിദ്യാലയ സുരക്ഷാ സമിതി കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

## പരിമിതികൾ

പ്രവർത്തനങ്ങൾ പഠനസമയം കൂടുതൽ നഷ്ടപ്പെടുത്താൻ കാരണമാകുന്നുണ്ട്. ഉച്ചയ്ക്കും രാവിലെ പിരീഡിന് മുൻപും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനാകുമെങ്കിലും പരിധിയുണ്ട്.

# പ്രവർത്തനം - വിശദാംശങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| | **ഇംഗ്ലീഷ്** | | |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസനം | 1) ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് class കൈകാര്യം ചെയ്യൽ<br>2) ആഴ്ചയിൽ ഒരിക്കൽ ഇംഗ്ലീഷ് അസംബ്ലി | എല്ലാ ക്ലാസും<br>നാലാം ക്ലാസ് | ബന്ധപ്പെട്ട ടീച്ചർ<br>ക്ലാസ്ടീച്ചർ |
| ഇംഗ്ലീഷ് ഭാഷയിലുള്ള വായന പരിപോഷിപ്പിക്കൽ | ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ ഉൾക്കൊള്ളിച്ചുള്ള ക്ലാസ് ലൈബ്രറിയിൽ പുസ്തക വായന -കുറിപ്പ് തയ്യാറാക്കൽ | ആഴ്ചയിൽ ഒരു ദിവസം | ബന്ധപ്പെട്ട ടീച്ചർ |
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | ഇംഗ്ലീഷ് പാഠപുസ്തകത്തിലെ പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളാക്കി മാറ്റുന്നു. | മാസത്തിൽ ഒരിക്കൽ | ബന്ധപ്പെട്ട ടീച്ചർ |
| | **മലയാളം** | | |
| എല്ലാ കുട്ടികൾക്കും മലയാളം അനായാസം എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം | 1) അക്ഷരം ഉറപ്പിക്കൽ<br>2) ചിഹ്നം ഉറപ്പിക്കൽ<br>3) ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ് | ദിവസവും | ബന്ധപ്പെട്ട ടീച്ചർ |
| പത്രവായന പ്രോത്സാഹിപ്പിക്കൽ | ഓരോ ക്ലാസിനും ഓരോ പത്രം സ്പോൺസർഷിപ്പിലൂടെ പരമാവധി പത്രങ്ങൾ ലഭ്യമാക്കൽ | | |

| | | | |
|---|---|---|---|
| | • അസംബ്ലിക്ക് ദിവസവും പത്രവായന | | |
| സർഗ്ഗശേഷി വികസനം | - വിദ്യാരംഗം പ്രവർത്തനങ്ങൾ<br>- പതിപ്പ് തയ്യാറാക്കൽ<br>- കുറിപ്പ് വായന<br>- വായനാനുഭവം പങ്കുവയ്ക്കൽ<br>- പുസ്തക പരിചയം. | മാസത്തിലും | ബന്ധപ്പെട്ട ടീച്ചർ<br>വിദ്യാരംഗം കൺവീനർ |
| | **ശാസ്ത്രം** | | |
| കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ | - പരീക്ഷണങ്ങൾ ആസൂത്രണം ചെയ്യുന്നു.<br>- ഫീൽഡ്ട്രിപ്പ് നടത്തൽ<br>- പരിസര നിരീക്ഷണം<br>- ക്ലബ് പ്രവർത്തനം. | ആഴ്ചയിലും | ശാസ്ത്രക്ലബ് കൺവീനർ |
| ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കൽ | മേളയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ആവശ്യമായ സഹായം നൽകൽ | 3 മാസം ഇടവിട്ട് | ടീച്ചർ |
| | **ഗണിതം** | | |
| ഗണിതപഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | ഗണിതലാബിലെ വസ്തുക്കൾ ഉപയോഗിച്ച് മൂർത്തചിന്തയ്ക്ക് അവസരം നൽകുന്നു.<br>- ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ചിത്രരൂപം നിർമ്മിക്കൽ | മാസത്തിലും | ഗണിതക്ലബ് കൺവീനർ |
| ഗണിതത്തിലെ അടിസ്ഥാനാശയങ്ങൾ ഉറപ്പിക്കൽ | - വർക്ക്ഷീറ്റ് ഉപയോഗിക്കുന്നു.<br>- ഗ്രൂപ്പ് പ്രവർത്തനം ആസൂത്രണം ചെയ്യുന്നു. | ദിവസവും | ബന്ധപ്പെട്ട ടീച്ചർ |

# ഉപസംഹാരം

ഗവ: ഡബ്ല്യു. എൽ. പി അമ്പലത്തിൻ നിരപ്പിൽ സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർപ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് ലക്ഷ്യം. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഗുണമേന്മയുള്ള വിദ്യാഭ്യാസം മാത്രമല്ല സാമൂഹികമായ ജീവിതത്തെ പുണരലും ലക്ഷ്യമിടുന്നു. ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ചപോലെ നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.